**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1902** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ കായിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളുടെ പ്രവർത്തനം പഴയതുപോലെ ആരംഭിച്ച സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുന്നതിന് കായിക വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കായിക മേഖലയ്ക്ക് ഉണർവ്വ് നൽകുന്നതിനും കായികതാരങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. ഓപ്പറേഷൻ ഒളിമ്പ്യ 2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. പ്രസ്തുത പദ്ധതിയിലേക്ക് അത്‌ലറ്റിക്, സൈക്ലിംഗ്,ബോക്സിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, ആർച്ചറി, ഷൂട്ടിംഗ് എന്നീ 11 കായികയിനങ്ങൾ തെരഞ്ഞെടുത്തിരുന്നു. ഈ കായികയിനങ്ങളിൽ നിന്നും ആർച്ചറി, ഷൂട്ടിംഗ്, എന്നിവ ഒഴികെ ബാക്കിയുള്ള 9 കായിക ഇനങ്ങൾ ആദ്യ ഘട്ടത്തിൽ ആരംഭിച്ചു. നിലവിൽ ആരംഭിച്ച 9 കായിക ഇനങ്ങളിൽ നിന്ന് ദേശീയ അന്തർദേശീയ നിലവാരമുള്ള 5 കായികയിനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം തുടർന്ന് വരുന്നു. ഓരോ കായികയിനത്തിലും 15 കായിക താരങ്ങൾ വീതമാണ് പരിശീലനം നടത്തി വരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് |

| | | | |
|---|---|---|---|
| | | | വിലയിരുത്തി വീഡ് ഔട്ട് നടത്തുന്നുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നുമുണ്ട്. ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്. കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളുടെ പ്രവർത്തനം പഴയതുപോലെ ആരംഭിച്ച സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യവും ശാരീരിക ക്ഷമതയും മെച്ചപ്പെടുത്തുന്നതിന് ഗ്രാസ്റൂട്ട് ലെവൽ പരിശീലന പദ്ധതികളായ ഗോൾ, ഹൂപ്സ്, സ്പ്രിന്റ്, ജൂഡോക്ക, പഞ്ച് എന്നിവയും കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി ഹെൽത്തീ കിഡ്സ് എന്ന പേരിലും പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കായിക വകുപ്പിന്റെയും സ്പോർട്സ് | (ബി) | കായിക വകുപ്പിന്റെയും സ്പോർട്സ് |

| | | | |
|---|---|---|---|
| | കൗൺസിലിന്റെയും കീഴിൽ സ്കൂളുകളിൽ കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | | കൗൺസിലിന്റെയും കീഴിൽ സ്കൂളുകളിൽ കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതി നിലവിലില്ല. എന്നാൽ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട കായികയിനങ്ങളിൽ കൗൺസിലിലെ വിദഗ്ദ്ധ പരിശീലകരുടെ നേതൃത്വത്തിൽ സമ്മർ കോച്ചിംഗ് ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത ക്യാമ്പുകളിൽ സ്കൂൾ കായികതാരങ്ങൾക്ക് പ്രാമുഖ്യം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ